പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3231 — 21.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യും കെ.ടി.ഡി.എഫ്.സി.യും സംയുക്തമായി നിർമ്മിച്ച കെട്ടിടസമുച്ചയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യും കെ.ടി.ഡി.എഫ്.സി.യും സംയുക്തമായി, മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വായ്പ യെടുത്ത്, എത്ര കെട്ടിടസമുച്ചയങ്ങൾ പണിതു ; അവയ്ക്കായി എത്ര തുക ചെലവായി; ഇതിൽ കെ.എസ്.ആർ.ടി.സി. ചെലവാക്കിയ തുക എത്ര; ഇതര മേഖലകളിൽ നിന്നും കടം വാങ്ങിയ തുക എത്ര ; ഇവയിൽ പൂർണ്ണമായും പണികൾ പൂർത്തീകരിച്ചവ ഏതെല്ലാം ; സമുച്ചയങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (എ) | മുൻ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. ബി.ഒ.ടി. വ്യവസ്ഥയിൽ 4 ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ പണിതു. അവ തമ്പാനൂർ, അങ്കമാലി, തിരുവല്ല, കോഴിക്കോട് എന്നിവയാണ്. ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടില്ല. കെ.റ്റി.ഡി.എഫ്.സി.യിൽ പൊതുജനങ്ങൾ നിക്ഷേപിച്ചിട്ടുള്ള സ്ഥിര നിക്ഷേപ തുക ഉപയോഗിച്ചാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ബസ് ടെർമിനൽ കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുള്ളത്. അവയുടെ നിർമ്മാണത്തിനായി കെ.റ്റി.ഡി.എഫ്.സി. വിനിയോഗിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>തമ്പാനൂർ - 80.97 കോടി രൂപ<br>തിരുവല്ല - 46.43 കോടി രൂപ<br>അങ്കമാലി - 37.59 കോടി രൂപ<br>കോഴിക്കോട് - 72.95 കോടി രൂപ.<br>കെട്ടിട നിർമ്മാണത്തിനായി കെ.എസ്.ആർ.ടി.സി. ചെലവുകൾ ഒന്നും നടത്തിയിട്ടില്ല.<br>തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ ബസ് ടെർമിനൽ കോംപ്ലക്സുകളുടെ പണികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകൾ നിഷ്കർഷിച്ച ചില ജോലികളും, കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിൽ ഡ്രെയിനേജ് സംബന്ധിച്ച ചില ജോലികളും ചെയ്തു തീർക്കാൻ ഉണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി.യ്ക്ക് ഇവയിൽ ഓരോന്നിൽ നിന്നും വാടക ഇനത്തിൽ ലഭിക്കുന്ന തുക എത്ര ; ഓരോ സമുച്ചയത്തിലും എത്ര ശതമാനം വാടകയ്ക്ക് നൽകി ; എത്ര ഭാഗം ഒഴിഞ്ഞു കിടക്കുന്നു ; ഇതുമൂലമുണ്ടാകുന്ന നഷ്ടം എത്ര ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | തമ്പാനൂർ, തിരുവല്ല, അങ്കമാലി എന്നീ ബസ് ടെർമിനൽ കോംപ്ലക്സുകളിൽ നിന്നും കെ.റ്റി.ഡി.എഫ്.സി.യ്ക്ക് വാടക ലഭിക്കുന്നു. ഓരോ ബസ് ടെർമിനൽ കോംപ്ലക്സിലെയും ആകെ വരുമാനത്തിൽ നിന്നും ആകെ ചെലവ് കഴിഞ്ഞ് വരുന്ന തുകയുടെ 50% ആന്യൂറ്റിയിനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകുന്നുണ്ട്. അങ്കമാലി ബസ് ടെർമിനൽ കോംപ്ലക്സിന്റെ അന്യൂറ്റിയായി 2,62,82,185/- രൂപ ജൂലൈ 2012 മുതൽ ജൂൺ 2017 വരെയുള്ള കാലയളവിലേയ്ക്ക് കെ.എസ്.ആർ. ടി.സി.യ്ക്ക് നൽകി കഴിഞ്ഞു. മറ്റ് പ്രോജക്ടുകളിലെ അന്യൂറ്റി തുക എത്ര ഉണ്ടെന്ന് കണക്കാക്കാൻ വേണ്ടിയുള്ള ആഡിറ്റ് നടന്നുവരുന്നു. കോഴിക്കോട് കെ.എസ്.ആർ. ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ് ഒറ്റ യൂണിറ്റായി M/s.MAK Associates എന്ന സ്ഥാപനത്തിന് നൽകുവാൻ തീരുമാനം ഉണ്ടായെങ്കിലും കോടതിയിൽ നിലവിൽ കേസ് നിലനിൽക്കുന്നത് കാരണം വാടക ലഭിച്ചുതുടങ്ങിയിട്ടില്ല. മറ്റുള്ള കെട്ടിടസമുച്ചയങ്ങളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ വാടകയുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>തമ്പാനൂർ - 14,11,155/- രൂപ (പേ ആന്റ് പാർക്ക്, പേ ആന്റ് യൂസ് ഉൾപ്പെടെ)<br>തിരുവല്ല - 2,34,352/- രൂപ (പേ ആന്റ് പാർക്ക്, പേ ആന്റ് യൂസ് ഉൾപ്പെടെ)<br>അങ്കമാലി - 18,09,387/- രൂപ (പേ ആന്റ് പാർക്ക്, പേ ആന്റ് യൂസ് ഉൾപ്പെടെ) |

| | | | |
|---|---|---|---|
| | | | കോഴിക്കോട് - 4,69,167/- രൂപ (പേ ആന്റ് പാർക്ക്, പേ ആന്റ് യൂസ് മാത്രം)<br>ഓരോ ബസ് ടെർമിനൽ കോംപ്ലക്സിലും വാടകയ്ക്ക് നൽകിയിട്ടുള്ള ഏരിയയും ഒഴിഞ്ഞു കിടക്കുന്ന ഏരിയയുടെ ശതമാനവും ഒഴിഞ്ഞു കിടക്കുന്നത് മൂലമുള്ള നഷ്ടത്തിന്റെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കെട്ടിട സമുച്ചയങ്ങളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ വരുമാനം എത്രയെന്നും ഇവയുടെ നിർമ്മാണത്തിന് കടമെടുത്ത തുകയിൽ പലിശയിനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകേണ്ട പ്രതിമാസ തുക എത്രയെന്നും വ്യക്തമാക്കുമോ ? | (സി) | പ്രസ്തുത കെട്ടിട സമുച്ചയങ്ങളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ വരുമാനം ചുവടെ ചേർക്കുന്നു.<br>തമ്പാനൂർ - 14,11,155/- രൂപ<br>തിരുവല്ല - 2,34,352/- രൂപ<br>അങ്കമാലി - 18,00,387/- രൂപ<br>കോഴിക്കോട് - 4,69,167/- രൂപ.<br>പ്രസ്തുത കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് വായ്പ എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ബസ് ടെർമിനൽ കോംപ്ലക്സിന്റെ പേര് | വാടകയ്ക്ക് നൽകിയ ഏരിയ | വാടകയ്ക്ക് നൽകിയ ഏരിയയുടെ ശതമാനം | ഒഴിഞ്ഞു കിടക്കുന്ന ഏരിയ | ഒഴിഞ്ഞു കിടക്കുന്നത് മൂലമുള്ള പ്രതിമാസ വരുമാന കുറവ് (Rock bottom rate പ്രകാരം) (രൂപയിൽ) |
|---|---|---|---|---|
| തമ്പാനൂർ | 68988.02 Sq.ft. | 70.88% | 28334.25 Sq.ft. | 10,15,213/- |
| തിരുവല്ല | 20469.38 Sq.ft. | 21.71% | 73803.95 Sq.ft. | 18,22,520/- |
| അങ്കമാലി | 42495.90 Sq.ft. | 40.91% | 61360.45 Sq.ft. | 13,40,911/- |
| കോഴിക്കോട് | 218716.23 Sq.ft.* | 100% | - | 50,00,000/- |

* കോടതി വിധിയ്ക്ക് വിധേയമായി

(signature)

**സെക്ഷൻ ഓഫീസർ**